# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ- സ്ലോവാക്യ ബിസിനസ് ഫോറത്തെ രാഷ്ട്രപതി ദ്രൗപദി മുർമ്മു അഭിസംബോധന ചെയ്തു. സ്ലോവാക്യയുമായി വാണിജ്യ- വ്യവസായ ബന്ധം ശക്തിപ്പെടുത്താൻ ഇന്ത്യ ആഗ്രഹിക്കുന്നതായി രാഷ്ട്രപതി

   **President Draupadi Murmu addressed the India-Slovakia Business Forum.The President said that India wants to strengthen trade and industrial relations with Slovakia.**

2. വഖഫ് ഭേദഗതി നിയമം 2025ൻറെ ഭരണഘടനാ സാധുത സംബന്ധിച്ച ഹർജികൾ സുപ്രീം കോടതി ഈ മാസം 16ന് പരിഗണിക്കും.

   **The Supreme Court will hear the petitions regarding the constitutional validity of the Waqf Amendment Act, 2025 on the 16th of this month.**

3. 2008 മുംബൈ ഭീകരാക്രമണ കേസിലെ പ്രതിയായ തഹാവൂർ റാണയെ ഡൽഹിയിൽ എത്തിച്ചു. പ്രതിക്ക് ഉചിതമായ ശിക്ഷ ലഭിക്കുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ.

   **Tahavor Rana, an accused in the 2008 Mumbai terror attack case, was brought to Delhi. Union Minister Piyush Goyal said that the accused will get appropriate punishment.**

4. ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ സുരക്ഷാ പദ്ധതിയെന്ന് കേന്ദ്രമന്ത്രി ജെ പി നഡ്ഡ

Ayushman Bharat Pradhan Mantri Jan Arogya Yojana is the largest health security scheme in the world, Union Minister JP Nadda said.

5. കേരളത്തിൽ ഡ്രൈ ഡേ പൂർണ്ണമായി ഒഴിവാക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ലെന്ന് മന്ത്രി എം.ബി രാജേഷ്.

Minister M.B. Rajesh said that the government did not intend to completely eliminate dry days in Kerala.

6. ഐപിഎലിൽ ബംഗളൂരുവിനെതിരെ ടോസ് നേടിയ ഡൽഹി ഫീൽഡിംഗ് തെരഞ്ഞെടുത്തു.

Delhi won the toss and elected to field against Bangalore in the IPL.

&&&&&&&&&&&&&&&&&&

## PM – UP AND MP

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ഉത്തർപ്രദേശും മധ്യപ്രദേശും സന്ദർശിക്കും. വാരാണസിയിൽ 3,880 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിക്കും. 70 വയസ്സിനു മുകളിലുള്ള മുതിർന്ന പൗരന്മാർക്കായുള്ള ആയുഷ്മാൻ വയ വന്ദന കാർഡുകൾ ശ്രീ.മോദി കൈമാറും. വാരാണസി ഡിവിഷനിലെ മൂന്ന് ജില്ലകളിൽ പൂർത്തിയാക്കിയ ട്രാൻസ്മിഷൻ സബ്സ്റ്റേഷനുകളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. തുടർന്ന് മധ്യപ്രദേശിലെ ആനന്ദ്പൂർ ധാമിൽ

പൊതുപരിപാടിയെ പ്രധാനമന്ത്രി നരേന്ദ്രമോദി അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

**PRESIDENT – SLOVAKIA VISIT (intro)**

സ്ലോവാക്യയുമായി വാണിജ്യ- വ്യവസായ ബന്ധം ശക്തിപ്പെടുത്താൻ ഇന്ത്യ ആഗ്രഹിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമ്മു. വിവിധ മേഖലയിൽ സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സ്ലോവാക്യൻ പ്രസിഡൻറുമായി ചർച്ച നടത്തിയതായും രാഷ്ട്രപതി പറഞ്ഞു. ഇന്ത്യ- സ്ലോവാക്യ ബിസിനസ് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. സാങ്കേതിക വിദ്യ, നൂതന സംവിധാനങ്ങൾ, സുസ്ഥിരത തുടങ്ങിയ മേഖലകളിൽ ഇന്ത്യ മുന്നേറുകയാണെന്നും ശ്രീമതി മുർമ്മു പറഞ്ഞു.

(ഹോൾഡ് വോയ്സ്.........)

ഇന്ത്യയുടെ സ്റ്റാർട്ടപ്പ് സാങ്കേതിക വിദ്യ, മാനവ വിഭവ ശേഷി എന്നിവ സ്ലോവാക്യക്ക് ഗുണം ചെയ്യുമെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു. സ്ലോവാക്യ സന്ദർശനത്തിൻറെ രണ്ടാം ദിവസമായ ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു രാമായണ കഥ ആസ്പദമാക്കിയുള്ള പാവകളിയും ചിത്ര പ്രദർശനവും വീക്ഷിച്ചു.

&&&&&&&&&&&&&&&&&&

## SC- WAQF PETITIONS

വഖഫ് ഭേദഗതി നിയമം 2025ൻറെ ഭരണഘടനാ സാധുത സംബന്ധിച്ച ഹർജികൾ സുപ്രീം കോടതി ഈ മാസം 16ന് പരിഗണിക്കും. ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ജസ്റ്റിസ് സഞ്ജയ് കുമാർ, കെ വി വിശ്വനാഥൻ എന്നിവരടങ്ങിയ ബെഞ്ചാണ് കേസ് പരിഗണിക്കുക. ഇത് സംബന്ധിച്ച തടസ്സ ഹർജി കേന്ദ്ര സർക്കാർ ഇന്നലെ ഫയൽ ചെയ്തു. അതേസമയം വഖഫ് ഭേദഗതി നിയമം ചൊവ്വാഴ്ച പ്രാബല്യത്തിൽ വന്നു.

&&&&&&&&&&&&&&&&&&

## GOODS AND SERVICES EXPORTS

ആഗോള പ്രതിസന്ധികൾക്കിടയിലും ഈ സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ചരക്ക് സേവന കയറ്റുമതി 82,000 കോടി അമേരിക്കൻ ഡോളർ പിന്നിട്ടു. കഴിഞ്ഞ സാമ്പത്തിക വർഷം ഇത് 77,800 കോടി ഡോളർ ആയിരുന്നുവെന്നും ആറ് ശതമാനത്തിൻറെ വർദ്ധനയാണ് ഉണ്ടായതെന്നും വാണിജ്യ മന്ത്രാലയം അറിയിച്ചു. നിലവിലെ വാണിജ്യ സ്ഥിതിഗതികൾ സംബന്ധിച്ച് എക്സ്പോർട്ട് പ്രമോഷൻ കൗൺസിലും വ്യാവസായിക സംഘടനകളുമായി നടത്തിയ ചർച്ചയിൽ കേന്ദ്രമന്ത്രി പീയൂഷ് ഗോയലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&&&

**EVE. RANA – INDIA –INTRO**

2008 മുംബൈ ഭീകരാക്രമണ കേസിലെ പ്രതിയായ തഹാവൂർ റാണയെ ഡൽഹിയിലെത്തിച്ചു. പ്രത്യേക വിമാനത്തിൽ ഇന്ന് വൈകുന്നേരം ഡൽഹി പാലം വിമാനത്താവളത്തിലാണ് റാണയെ എത്തിച്ചത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദൃഢനിശ്ചയം മൂലമാണ് മുംബൈ ആക്രമണ കേസിലെ പ്രതിയെ ഇന്ത്യയിലേക്ക് കൊണ്ടുവന്നതെന്നും പ്രതിക്ക് ഉചിതമായ ശിക്ഷ ലഭിക്കുമെന്നും കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. (ഹോൾഡ്)

രാജ്യത്ത് ദേശവിരുദ്ധ ഘടകങ്ങൾക്കെതിരെ കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് പറഞ്ഞു. രാജ്യത്ത് നിന്ന് തീവ്രവാദം ഏതാണ്ട് പൂർണ്ണമായും തുടച്ചുനീക്കപ്പെട്ടതായി ശ്രീ റായ് മാധ്യമപ്രവർത്തകരോട് പറഞ്ഞു. 2008 ഭീകരാതക്രമണത്തിൽ 166 പേർ കൊല്ലപ്പെടുകയും 238 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

**BJP – RANA**

തഹാവൂർ റാണയെ ഇന്ത്യയിൽ എത്തിക്കുന്നത് ഇന്ത്യക്കാർക്കു മാത്രമല്ല മറ്റ് രാജ്യങ്ങളിൽ

ജീവൻ നഷ്ടപ്പെട്ടവർക്കു കൂടി നീതി ഉറപ്പാക്കുമെന്ന് ബിജെപി. രാജ്യത്തെ സുരക്ഷാ ഏജൻസികൾ വലിയ വിജയമാണ് നേടിയതെന്നും ബിജെപി വക്താവ് ഷെഹ്സാദ് പൂനവാല ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. കഴിഞ്ഞ 10 വർഷത്തിൽ ഭീകരപ്രവർത്തനത്തിനെതിരെ മോദി സർക്കാർ വിട്ടുവീഴ്ചയില്ലാത്ത മനോഭാവമാണ് പുലർത്തിയതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**HOME MINISTRY – RANA**

2008 മുംബൈ ഭീകരാക്രമണ കേസിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി അഭിഭാഷകനായ നരേന്ദർ മാനെ കേന്ദ്ര സർക്കാർ നിയമിച്ചു. ദേശീയ അന്വേഷണ ഏജൻസിക്കുവേണ്ടി മൂന്ന് വർഷത്തേക്ക് വിചാരണ നടത്തുന്നതിന് നരേന്ദർ മാനെ നിയമിച്ചു കൊണ്ടുള്ള വിജ്ഞാപനം കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറത്തിറക്കി. കേസിലെ പ്രതി തഹാവൂർ റാണയെ ഇന്ന് ഇന്ത്യയിലെത്തിച്ച സാഹചര്യത്തിലാണ് നടപടി.

&&&&&&&&&&&&&&&&&&

**EVE DELHI – AYUSHMAN CARD**

ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ സുരക്ഷാ പദ്ധതിയെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നഡ്ഡ. 62 കോടി പേർക്ക് ഇതിലൂടെ ഗുണം ലഭിക്കുന്നതായും അദ്ദേഹം

പറഞ്ഞു. കേന്ദ്രസർക്കാരിൻറെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി - ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന ന്യൂഡൽഹിയിൽ നടപ്പിലാകുന്നതിൻറെ ഉദ്ഘാടനം ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്തയ്ക്കൊപ്പം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഗുണഭോക്താക്കൾക്ക് ആയുഷ്മാൻ കാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു.

&&&&&&&&&&&&&&&&&&&

## MB RAJESH (INTRO)

കേരളത്തിൽ ഡ്രൈ ഡേ പൂർണ്ണമായി ഒഴിവാക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ലെന്ന് എക്സൈസ് മന്ത്രി എം.ബി രാജേഷ്. മദ്യനയം സംബന്ധിച്ച മാധ്യമങ്ങളുടെ ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. മദ്യത്തിന്റെ വ്യവസായ സാധ്യത മാത്രമാണ് സർക്കാർ കണക്കിലെടുക്കുന്നതെന്നും മന്ത്രി പറഞ്ഞു.

( വോയിസ്.... )

&&&&&&&&&&&&&&&&&&&

## CENTRE – PM POSHAN

പ്രധാനമന്ത്രി പോഷൻ ശക്തി നിർമ്മാൺ പദ്ധതി പ്രകാരം കേന്ദ്രം മെറ്റീരിയൽ ചെലവ് 9.50 ശതമാനം വർദ്ധിപ്പിച്ചു. ബാലവാടിയിലും 1 മുതൽ 8 വരെ ക്ലാസുകളിലും പഠിക്കുന്ന പതിനൊന്ന് കോടിയിലധികം വിദ്യാർത്ഥികൾക്ക് ഭക്ഷണം

നൽകുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണിത്. അടുത്ത മാസം 1 മുതൽ പ്രാബല്യത്തിൽ വരുന്ന പുതിയ നിരക്കുകൾ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ബാധകമാകുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&&

## JAISHANKAR–ABCSF

ന്യൂഡൽഹിയിൽ നടന്ന ഏഷ്യ ബിസിനസ് കൗൺസിൽ സ്ട്രിംഗ് ഫോറം 2025 ൽ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ സംവദിച്ചു. അന്താരാഷ്ട്ര സംവിധാനത്തിൽ ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും ആഗോള ദക്ഷിണേന്ത്യയിൽ അതുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും ഫോറത്തിൽ സംസാരിച്ചതായി സമൂഹ മാധ്യമത്തിൽ ഡോ. ജയ്ശങ്കർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെതിരെ ടോസ് നേടിയ ഡൽഹി ക്യാപിറ്റൽസ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. ബംഗളൂരു ചിന്നസ്വാമി സ്റ്റേഡിയത്തിലാണ് മത്സരം. അതേസമയം ചെന്നൈ സൂപ്പർ കിംഗ്സിന്റെ ക്യാപ്റ്റനായി എം എസ് ധോണിയെ വീണ്ടും നിയമിച്ചതായി കോച്ച് സ്റ്റീഫൻ ഫ്ളെമിങ് അറിയിച്ചു.

&&&&&&&&&&&&&&&&&&&

**PAINKUNI**

ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള പള്ളിവേട്ട ഇന്ന് നടക്കും. നാളെ വൈകുന്നേരം അഞ്ച് മണിയോടെ ആറാട്ട് ചടങ്ങുകൾ ആരംഭിക്കും. ശബരിമലയിലും ഇന്ന് പള്ളിവേട്ട നടക്കും. ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ നാളെ വൈകുന്നേരം 4.45 മുതൽ രാത്രി ഒൻപത് വരെ അടച്ചിടും. ഈ സമയത്തുള്ള ആഭ്യന്തര,രാജ്യാന്തര വിമാന സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

**POOKODE UNVTY**

വയനാട് പൂക്കോട് വെറ്ററിനറി കോളജിലെ സിദ്ധാർത്ഥന്റെ മരണത്തിൽ പ്രതികളായ 19 വിദ്യാർത്ഥികളെ പുറത്താക്കി കേരള വെറ്ററിനറി സർവകലാശാല. വിദ്യാർത്ഥികൾക്കെതിരായ നടപടി ഹൈക്കോടതിയെ അറിയിച്ചു.

&&&&&&&&&&&&&&&&&&&

**RAIN KERALA**

കേരളത്തിൽ ഇന്നും ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കന്യാകുമാരി തീരത്ത് കടലാക്രമണത്തിനു സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

&&&&&&&&&&&&&&&&&&

**JK-SECURITY FORCES**

ജമ്മുകശ്മീരിലെ ഉധംപൂർ, കിഷ്ത്വാർ ജില്ലകളിലെ സുരക്ഷാ പരിശോധന പുനരാരംഭിച്ചു. ഇന്നലെയുണ്ടായ ഏറ്റുമുട്ടലിനു ശേഷം മേഖലയിൽ സുരക്ഷ ശക്തമാക്കിയിരുന്നു. രണ്ട് ഭീകരർ പ്രദേശത്ത് ഒളിച്ചിരിപ്പുണ്ടെന്നാണ് കരുതുന്നത്.

&&&&&&&&&&&&&&&&&&

**TRUMP-TARRIF**

യുഎസ് ഉൽപന്നങ്ങൾക്ക് അമിതമായ ഇറക്കുമതി തീരുവ ഈടാക്കുന്നുവെന്ന് ആരോപിച്ച് ചുമത്തിയ പകരച്ചുങ്കം 90 ദിവസത്തേക്ക് മരവിപ്പിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. എന്നാൽ ചൈനയ്ക്ക് ഇളവ് നൽകാതിരുന്ന ട്രംപ്, ഇറക്കുമതി തീരുവ 125 ശതമാനമാക്കി ഉയർത്തുകയും ചെയ്തു. ചൈന ഒഴികെയുള്ള മറ്റ് രാജ്യങ്ങൾക്ക് അടിസ്ഥാന തുക പത്ത് ശതമാനമായിരിക്കും. ലോക വിപണിയോട് ചൈന കാണിച്ച

ബഹുമാനരഹിതമായ നടപടിയുടെ അടിസ്ഥാനത്തിലാണ് തീരുവ ഉയർത്തിയതെന്ന് ട്രംപ് പറഞ്ഞു. എന്നാൽ അമേരിക്കയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന എല്ലാ ഉൽപ്പന്നങ്ങൾക്കും 84 ശതമാനം തീരുവയാണ് ചൈന ഏർപ്പെടുത്തിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&